## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6033      19.11.2019 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന ആഭ്യന്തര /വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന ആഭ്യന്തര /വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016 മുതൽ ഉളള സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരി കളുടെ എണ്ണം | വർദ്ധന വ് (ശതമാന ത്തിൽ) | വിദേശ വിനോദ സഞ്ചാരി കളുടെ എണ്ണം | വർദ്ധന വ് (ശതമാന ത്തിൽ) |
|---|---|---|---|---|
| 2016 | 1,31,72,535 | 5.67 | 10,38,419 | 6.23 |
| 2017 | 1,46,73,520 | 11.39 | 10,91,870 | 5.15 |
| 2018 | 1,56,04,661 | 6.35 | 10,96,407 | 0.42 |
| 2019 (സെപ്റ്റംബർ വരെ) | 1,31,84,227 | 16.48 | 8,19,975 | 4.84 |

| | | | |
|---|---|---|---|
| ബി) | വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | ബി) | വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>a) രാജ്യത്തിനകത്തും പുറത്തുമുളള നാഷണൽ-ഇന്റർനാഷണൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നു.<br>b) രാജ്യത്തിനകത്തും പുറത്തുമുളള ബിസിനസ് ടു ബിസിനസ് മീറ്റുകൾ നേരിട്ട് സംഘടിപ്പിക്കുന്നു.<br>c) ഇന്ത്യയ്ക്കകത്തും പുറത്തുമുളള ബ്രാൻഡ് |

| | | | |
|---|---|---|---|
| | | | ക്യാമ്പയിനുകൾ "ഇറ്റ്സ് ടൈം ഫോർ കേരള", "കം ഔട്ട് ആൻഡ് പ്ലേ", "ഹ്യൂമൻ ബൈ നേച്ചർ" എന്നിവ സംഘടിപ്പിച്ചു.<br>d) ഓണം വാരാഘോഷം, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ-ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം എന്നിവ സംഘടിപ്പിച്ചുവരുന്നു.<br>e) കേരള ബ്ലോഗ് എക്സ്പ്രസ്സ് നടപ്പിലാക്കി.<br>f) വസന്തോത്സവം നടപ്പിലാക്കി<br>g) ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിച്ചു.<br><br>ഈ വഴിയും, കാമ്പയിനുകൾ വഴിയും പരസ്യങ്ങൾ നൽകുക വഴിയും കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്.<br>കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ആർ.റ്റി. മിഷൻ പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

✓